# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം–10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ–മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


| തിരുവനന്തപുരം | **പത്രക്കുറിപ്പ്** | 26.06.14 |
|---|---|---|

## വൈദ്യുതി താരിഫ് വർദ്ധന: കെ.എസ്.ഇ.ബി അനുബന്ധപെറ്റിഷൻ സമർപ്പിച്ചു

സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് 2013–14 വർഷത്തെ വരവ് ചെലവുകളുടെ അംഗീകാരത്തിനും വൈദ്യുതി നിരക്ക് വർദ്ധനയ്ക്കും വേ ി സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ മുൻപാകെ 15.05.2014 ന് സമർപ്പിച്ചിരുന്ന പെറ്റിഷനു പുറമെ ഒരു അനുബന്ധം കൂടി സമർപ്പിച്ചിട്ടു ്. മീറ്റർ വാടക, വീലിംഗ് ചാർജ്ജ് എന്നിവ പുനർനിർണ്ണയം ചെയ്യുക, വൈദ്യുതി പുറത്തുനിന്ന് വാങ്ങുന്ന ഉപഭോക്താക്കൾക്ക് അധിക ചാർജ്ജ് ഈടാക്കുക, എന്നിവയാണ് അനുബന്ധത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രധാന ഇനങ്ങൾ. കൂടാതെ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള വായനശാലകൾ, ലൈബ്രറികൾ, ദന്തൽ ക്ളിനിയ്ക്കുകൾ, ഡോക്ടർമാർ നടത്തുന്ന കൺസൾട്ടിംഗ് സെന്ററുകൾ, ഓഹരികച്ചവടം നടത്തുന്ന സ്ഥലങ്ങൾ, ഇ.സി.എച്ച്.എസ് ന്റെ കീഴിലുള്ള പോളിക്ളിനിയ്ക്കുകൾ, സർവ്വീസ് പെൻഷൻകാരുടെ ഓഫീസുകൾ, ജ്യോതിശാസ്ത്ര കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാന്റീനുകൾ, സോഡാ ഉല്പാദനകേന്ദ്രങ്ങൾ, മാലിന്യസംസ്ക്കരണകേന്ദ്രങ്ങൾ, എസ്.എസ്.ഐ രജിസ്ട്രേഷൻ ഇല്ലാത്ത ഡി.റ്റി.പി. സെന്ററുകൾ, ട്യൂട്ടോറിയൽ / കോച്ചിംഗ് സെന്ററുകൾ, മത്സ്യവളർത്തൽ ഇല്ലാത്ത ചീനവല ഉപഭോക്താക്കൾ, എഗ്ഗർ നഴ്സറികൾ, ഐസ്ഫാക്ടറികൾ, പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുള്ള സ്വകാര്യ വിളക്കു മരങ്ങൾ, ഹൈടെൻഷൻ ഗാർഹികഉപഭോക്താക്കൾ എന്നീ വിഭാഗങ്ങളെ താരിഫ് അടിസ്ഥാനത്തിൽ നിലവിലുള്ള തരംതിരിവ് പുന

നിർണ്ണയം നടത്തുക എന്നീ കാര്യങ്ങളും അനുബന്ധപെറ്റിഷനിൽ ആവശ്യപ്പെട്ടിട്ടു ്. ഇതിന്റെ പൂർണ്ണരൂപം കമ്മിഷന്റെ www.erckerala.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെയും, ബന്ധപ്പെട്ട വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കമ്മിഷൻ ക്ഷണിക്കുന്നു. അവ സെക്രട്ടറി, കെ.എസ്.ഇ.ആർ.സി, കെ.പി.എഫ്.സി ബിൽഡിംഗ്, വെള്ളയമ്പലം, തിരുവനന്തപുരം – 10 എന്ന വിലാസത്തിൽ 2014 ജൂലൈ 14ന് മുൻപ് ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു.

സെക്രട്ടറി